പതിനാലാം കേരള നിയമസഭ
പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 1973

04.11.2019 ൽ മറുപടി നൽകേണ്ടിയിരുന്നത്

<u>തസ്തികമാറ്റം വഴി നിയമനം</u>

| ചോദ്യം<br>ശ്രീ.പി.സി ജോർജ്ജ് | | മറുപടി<br>പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
|---|---|---|---|
| (എ) | ഗവൺമെന്റ് സെക്രട്ടേറിയേറ്റ്, പി എസ് സി, അഡ്വക്കേറ്റ് ജനറൽ ഓഫീസ് എന്നീ വകുപ്പുകളിൽ കമ്പ്യൂട്ടർ അസിസ്റ്റന്റ്, കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് എന്നീ വിഭാഗങ്ങളിൽ നിന്നും അസിസ്റ്റന്റ് തസ്തികയിലേക്ക് തസ്തികമാറ്റം വഴി നിയമനം നടത്തുന്നതിന് ഏതു രീതിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | (എ) | 28.02.2011 ലെ സ.ഉ (പി) 65/2011/പൊഭവ ഉത്തരവ് പ്രകാരം 20% എൻട്രി കേഡർ അസിസ്റ്റന്റ് തസ്തികയിലേക്ക് കമ്പ്യൂട്ടർ അസിസ്റ്റന്റ്, കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് തസ്തികകളിലെ അപേക്ഷകരിൽ നിന്നും 2:1 എന്ന അനുപാതത്തിൽ തസ്തികമാറ്റ നിയമനം അനുവദിക്കുന്നു. 25.03.2006-ന് ശേഷം സർവ്വീസിൽ പ്രവേശിച്ചവരും 4 വർഷം സർവ്വീസുള്ളവരുമായ നിശ്ചിത യോഗ്യതയുള്ള കമ്പ്യൂട്ടർ അസിസ്റ്റന്റ് /കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് വിഭാഗം ജീവനക്കാർക്കാണ് പ്രസ്തുത വിജ്ഞാപനപ്രകാരം, സ്പെഷ്യൽ റൂളിലെ നിലവിലുള്ള വ്യവസ്ഥകൾ അനുസരിച്ച്, അസിസ്റ്റന്റായി, എൻട്രി കേഡറിൽ തസ്തികമാറ്റം വഴി നിയമനം നൽകുന്നത്. |
| (ബി) | സബോർഡിനേറ്റ് സർവ്വീസിൽ ഉൾപ്പെടുത്തിയ ലാസ്റ്റ് ഗ്രേഡ് സർവ്വീസിലുള്ളവർക്ക് അസിസ്റ്റന്റ് തസ്തികയിലേക്കുള്ള തസ്തികമാറ്റ നിയമനത്തിന് പ്രസ്തുത നിയമനരീതി ബാധകമാക്കുവാനുള്ള നടപടികൾ സ്വീകരിക്കുമോ; എങ്കിൽ വിശദമാക്കുമോ? | (ബി) | **17.05.2018-ലെ സ.ഉ (പി) നം.4/2018/പൊഭവ പ്രകാരം 4% എൻട്രി കേഡർ അസിസ്റ്റന്റ് തസ്തികയിലേക്ക് ലാസ്റ്റ് ഗ്രേഡ് സർവ്വീസിലുള്ളവർക്ക് തസ്തികമാറ്റ നിയമനം അനുവദിക്കുന്നു.** |
| (സി) | പത്താം ക്ലാസ്സ് വിജയമായി നിശ്ചയിച്ച് വിജ്ഞാപനം പുറപ്പെടുവിച്ച സെക്രട്ട | (സി) | പത്താം ക്ലാസ്സ് വിജയമായി നിശ്ചയിച്ച് വിജ്ഞാപനം പുറപ്പെടുവിച്ച സെക്രട്ടേറിയ |

| | | | |
|---|---|---|---|
| | റിയറ്റ് ഓഫീസ് അറ്റന്റന്റിന്റെ സ്കെയിലിൽ ഓഫ് പേ എത്രയാണ്; നിശ്ചയിച്ചിട്ടില്ലെങ്കിൽ ആയതിന്റെ കാരണം കൂടി വ്യക്തമാക്കാമോ; | | റ്റ് ഓഫീസ് അറ്റന്റഡന്റ് തസ്തികക്ക് 10/02/2021-ലെ സ.ഉ (പി) നം.27/2021/ധന നമ്പർ ശമ്പളപരിഷ്കരണ ഉത്തരവ് പ്രകാരം ചുവടെ ചേർക്കുന്ന സ്കെയിൽ ഓഫ് പേ ആണ് നിശ്ചയിച്ചിട്ടുള്ളത്.<br><br>• ഓഫീസ് അറ്റൻഡന്റ് ഗ്രേഡ് I - 23700-52600<br><br>• ഓഫീസ് അറ്റൻഡന്റ് ഗ്രേഡ് II - 23000-50200 |
| (ഡി) | പി എസ് സി മുഖാന്തിരമല്ലാതെ സെക്രട്ടേറിയറ്റിൽ ജോലിയിൽ പ്രവേശിക്കുന്ന ക്ലാസ് ഫോർ ജീവനക്കാരന് സബോർഡിനേറ്റ് സർവ്വീസിൽ ഉൾപ്പെടുന്ന തസ്തികകളിലേക്ക് പ്രമോഷന് അർഹതയുണ്ടോ; ഉണ്ടെങ്കിൽ അവ ഏതെല്ലാമെന്ന് വിശദമാക്കുമോ? | (ഡി) | 03/02/2016-ലെ സ.ഉ (പി) നം.8/2016/പൊഭവ ഉത്തരവ് പ്രകാരം ഓഫീസ് അറ്റൻഡന്റ് ഗ്രേഡ്-II തസ്തിക പ്രമോഷൻ ചാനലിൽ വരുന്ന തസ്തികയാണ്. പി എസ് സി മുഖാന്തിരമല്ലാതെ സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരവും, സ്പോർട്സ് ക്വോട്ട പ്രകാരവും, എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന നിയമിക്കപ്പെട്ട ഭിന്നശേഷിക്കാരായ താൽക്കാലിക ജീവനക്കാരുടെ സേവനം സ്ഥിരപ്പെടുത്തിയതിലൂടെയും, ഓഫീസ് അറ്റൻഡന്റ് തസ്തികയിൽ നിയമനം നൽകിയിട്ടുണ്ട്. ഓഫീസ് അറ്റൻഡന്റ് തസ്തികയിൽ ഇപ്രകാരമുള്ള നിയമനങ്ങൾ ക്രമീകരിച്ചിട്ടുള്ളവർ ക്ക് (നിയമനം റഗുലറൈസ് ചെയ്തവർക്ക്) സീനിയോരിറ്റിയുടെയും യോഗ്യതയുടേയും അടിസ്ഥാനത്തിൽ, നിലവിൽ സബോർഡിനേറ്റ് സർവ്വീസിൽ ഉൾപ്പെടുന്ന ഓഫീസ് അറ്റൻഡന്റ് ഗ്രേഡ്-II തസ്തികയ്ക്ക് അനുവദിച്ചിട്ടുള്ള ചുവടെ ചേർക്കുന്ന 5 തുടർ പ്രമോഷൻ തസ്തികകൾ നിലവിലുണ്ട്. എന്നാൽ സൂപ്പർന്യൂമററി തസ്തികയിൽ നിയമിച്ച് സൂപ്പർ ന്യൂമററിയായി തുടരുന്നവർക്ക് പ്രമോഷന് അർഹതയില്ല.<br><br>1. ഓഫീസ് അറ്റൻഡന്റ് ഗ്രേഡ്-1<br><br>2. അറ്റൻഡർ<br><br>3. അറ്റൻഡർ (ഹയർ ഗ്രേഡ്)<br><br>4. ക്ലറിക്കൽ അസിസ്റ്റന്റ് ഗ്രേഡ്-II<br><br>5. ക്ലറിക്കൽ അസിസ്റ്റന്റ് ഗ്രേഡ്-I |

| | | | |
|---|---|---|---|
| | | | കൂടാതെ പൊതുഭരണ സെക്രട്ടേറിയറ്റിലെ ഓഫീസ് അറ്റൻഡന്റ് വിഭാഗത്തിന് അനുപാതം-1 ആയി ചേർത്തിട്ടുള്ള തസ്തികമാറ്റ നിയമനത്തിനും അർഹതയുണ്ട്. |

സെക്ഷൻ ഓഫീസർ